പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4029     21.10.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യെ നവീകരിക്കൽ

| | ചോദ്യം<br>ശ്രീ. പി.കെ. ബഷീർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ. ടി.സി യെ നവീകരിക്കുന്നതിനും പെൻഷൻ മുടങ്ങാതെ നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എസ്.ആർ.റ്റി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചുവരുന്നു.<br>കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.<br>പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ |

| | | | |
|---|---|---|---|
| | | | സർക്കാർ നല്കി വന്നിരുന്നത് 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യകതമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്ക്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി. |

| | | | |
|---|---|---|---|
| | | | സി.യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ സാദ്ധ്യതയുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) | മറ്റ് സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസുകളുടെ ഓൺലൈൻ ബുക്കിംഗ് തടസ്സപ്പെട്ടതുമൂലം ഓണം സീസണിൽ ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സിയുടെ ഓൺലൈൻ ബുക്കിംഗ് സംവിധാനം 17.09.2016-ൽ ഉദ്ദേശം 15.45 മണിക്ക് തകരാറിലാവുകയും 21.45 മണിയോടുകൂടി തകരാർ പരിഹരിക്കുകയുണ്ടായി. ഓൺലൈൻ റിസർവേഷൻ സംവിധാനം തകരാറിലായതുമായി ബന്ധപ്പെട്ടുള്ള വരുമാന നഷ്ടം കൃത്യമായി കണക്കാക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സിയ്ക്ക് പ്രസ്തുത ദിവസം ഉദ്ദേശം 12,64,296/- രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായും, പ്രസ്തുത നഷ്ടം അടുത്ത മാസത്തെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ് എന്നും വ്യക്തമാക്കുന്ന കത്ത്, ഓൺലൈൻ റിസർവേഷന് ആവശ്യമായ സോഫ്ട്വെയർ നിർമ്മിച്ച് വെബ് സൈറ്റ് സജ്ജീകരിച്ച് പൂർണ്ണമായും പരിപാലിക്കുന്നതിന് ചുമതലപ്പെടുത്തിയ കെൽട്രോണിന് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ